# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹാ മൂന്നാം ഞായർ

2024
ജൂൺ 02




# അയക്കപ്പെടലിന്റെ വെല്ലുവിളി

**പുറ 23:20 – 26; യോനാ 4:1 – 11; റോമ 15:14 – 21; ലൂക്കാ 9:1 – 6**

ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ് സുവിശേഷവൽക്കരണം. വിശുദ്ധ മത്തായിയുടെ സുവിശേഷം അവസാനിക്കുന്നത് എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ എന്നു പറഞ്ഞുകൊണ്ടാണ് (മത്തായി 28:19-20) ഉയർത്തെഴുന്നേറ്റ കർത്താവിന്റെ മുഖ്യകൽപനയും ഇതു തന്നെയായിരുന്നു. എന്നാൽ ഈ പ്രേഷിത ദൗത്യത്തിന്റെ പ്രാധാന്യത്തോടൊപ്പം അതുയർത്തുന്ന വെല്ലുവിളികളും തമ്പുരാൻ ശിഷ്യഗണത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നു. അപ്പസ്തോല സംഘത്തിനാണ് ദൗത്യ നിർവ്വഹണത്തിനുള്ള ശക്തിയും അധികാരവും നൽകിയത്. എല്ലാ പിശാചുക്കളുടെ മേലും, രോഗശാന്തിക്കുമുള്ള ശക്തിയും അധികാരവും നൽകി ദൈവരാജ്യം പ്രഘോഷിക്കാനും രോഗശാന്തി നൽകാനും അവരെ അയച്ചു. ശക്തി അത്ഭുതം പ്രവർത്തിക്കാനും അധികാരം ദൈവരാജ്യം പ്രഘോഷിക്കാനുമാണ്. ശക്തിയും അധികാരവും ദൈവത്തിനാണ്, അതു യേശുവിന്റേതാണ്. അത് അവൻ അപ്പസ്തോലന്മാർക്കു നൽകുന്നു. അങ്ങനെ സുസജ്ജരാക്കി യേശു അവരെ ദൈവരാജ്യം പ്രഘോഷിക്കാൻ അയച്ചു.

അപ്പസ്തോലന്മാർക്ക് യാത്രാ നിർദേശങ്ങളും യേശു നൽകുന്നുണ്ട്. യാത്രയിൽ സാധാരണയായി കരുതുന്നവയൊന്നും എടുക്കരുത്, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുവേണം പോകാൻ എന്നുസാരം. അതേസമയം പഥികരായ സുവിശേഷപ്രഘോഷകരെ സ്വീകരിക്കാൻ തയാറാകുന്ന കുടുംബങ്ങളുടെ സന്മനസ്സ് പ്രയോജനപ്പെടുത്താം. ഓരോ വീട്ടിലും ദേശത്തും അതാതു ഭവനത്തിലെയും ദേശത്തെയും അംഗങ്ങളെ പോലെയും, അവരോടൊത്തും ജീവിക്കണം. യേശുവിന്റെ ഈ നിർദ്ദേശങ്ങൾ അനുദിന ജീവിതത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ അപ്പസ്തോല ന്മാരെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിപ്പിക്കാതിരിക്കാനും ദൗത്യം




ജോസ് തട്ടിൽ



വിജയിപ്പിക്കാനും സഹായക ങ്ങളാണ്.

## അപ്പസ്തോലധർമ്മം

സ്വഭാവത്തിൽത്തന്നെ പ്രേഷി തയായ സഭയുടെ പ്രേഷിതദൗത്യം ഏറെ കാര്യക്ഷമമായി നിറവേറ്റ പ്പെടേണ്ട ഇടങ്ങളാണ് പ്രാദേശിക സഭകൾ. പ്രാദേശികസഭകളിൽ സുവിശേഷത്തിന്റെ പ്രഘോഷണം, പകർന്നു നൽകൽ, ജീവിക്കുന്ന അനുഭവം എന്നിവ സാക്ഷാൽക്കരി ക്കപ്പെടണം. കൂദാശാനുഷ്ഠാനങ്ങളിൽ സജീവമായി പങ്കുചേരുന്ന ക്രൈസ്ത വർ പരിശുദ്ധാത്മാവിൽ പ്രചോദിത രായി. ആദിമക്രൈസ്തവസഭയിലെന്ന തുപോലെ, സുസജ്ജരായി അയയ്ക്ക പ്പെട്ട അപ്പസ്തോലന്മാരെ പോലെ സു വിശേഷസാക്ഷ്യത്തിനു നിർബന്ധിത രാകുന്നു. സുവിശേഷപ്രഘോഷ ണത്തിന്റെ കാതലായ സന്ദേശം കരയും കടലും കടന്ന് വിവിധ രാജ്യങ്ങളിൽ പോയി ക്രിസ്തുവിനെ പ്രഘോഷിക്കുക എന്നതിനുപരിയായി ജീവിക്കുന്ന സാഹചര്യങ്ങളിൽ സുവിശേഷാരൂപിയിൽ നിറഞ്ഞ് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതാണ്. അതിനു സഹായിക്കുന്ന രീതിയിൽ യേശുക്രിസ് തുവുമായി നടത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലുകൾ അനിവാര്യമാണ്.

ഇന്നു സഭ പ്രസക്തമാകുന്നത് ജീവിക്കുന്ന ചുറ്റുപാടുകളിലും അയൽപക്ക ബന്ധങ്ങളിലുമാണ്. പങ്കുവയ്ക്കുകയും സ്നേഹം പരിപോ ഷിപ്പിക്കുകയും വചനാ ധിഷ്ഠിതമായി ജീവിക്കുകയും ചെയ്യുന്ന ചെറിയ സമൂഹങ്ങളാണ് സാർവ്വത്രികസഭയുടെ ചെറുപ്പതിപ്പു കളായി സുവിശേഷ പ്രഘോഷണ ത്തിൽ വ്യാപരിക്കേണ്ടത്. ക്രിസ്തുവി നെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും അറിയാത്തവരായി ഇന്നും ധാരാളം ആളുകളുണ്ട്. അവരുടെയിടയിൽ സുവിശേഷം പ്രസംഗിക്കുവാനും ക്രിസ്തുവിനു സാക്ഷ്യമേകുവാനും ധാരാളം പ്രേഷിതപ്രവർത്തകരെ നാം കണ്ടെത്തേണ്ടതുണ്ട്.

നിങ്ങളെ സ്വീകരിക്കാത്തവരുടെ പട്ടണത്തിൽനിന്നും പോകുമ്പോൾ അ വർക്കെതിരെ സാക്ഷ്യത്തിന് നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ. ഈ പ്രതീകാത്മകപ്രവൃത്തി വഴി സുവിശേഷം നിഷേധിക്കു ന്നവർക്ക് അത് പ്രസംഗിച്ച അപ്പസ്തോലന്മാരു മായി, യഥാർത്ഥ ഇസ്രായേലുമായി, ബന്ധമില്ലെന്നും (അപ്പ.13:51; 18:6; 28:5), അതുവഴി സുവിശേഷനിഷേധകർക്ക് ഉണ്ടാകുന്ന ന്യായവിധിയെയും (ലൂക്കാ 10:11-12) സൂചിപ്പിക്കാം.

## മിഷനറിദൗത്യത്തിന്റെ ആരംഭം

പ്രേഷിതയായ സഭ അയക്കപ്പെട്ട വളാണ്. അവരുടെ ദൗത്യം ശ്ലീഹാ ദൗത്യമാണ്. അയക്കപ്പെട്ടവളുടെ പ്രവൃത്തികളാണ് അവൾ ചെയ്യേണ്ടത്. അടിസ്ഥാനപരമായി സഭയുടെ ദൗത്യം സുവിശേഷ പ്രഘോ ഷണമാണ്. ഭൂമി യുടെ അതിർത്തികൾ വരെ സുവിശേ ഷം പ്രസംഗിച്ച് ക്രിസ്തുവിന് ആത്മാ ക്കളെ നേടുവാൻ അവൾ അയക്കപ്പെട്ടി രിക്കുന്നു (മത്തായി 28:19-20), അതോ ടൊപ്പം യുഗാന്ത്യംവരെ നിലനിൽക്കുന്ന സഭയിൽ യേശുക്രിസ്തുവിന്റെ സാന്നി

ധ്യവും ഈ വചനഭാഗത്ത് ഉറപ്പു ലഭിക്കുന്നുണ്ട്.

സുവിശേഷം പ്രഘോഷിക്കപ്പെടണമെന്നത് യേശുവിന്റെ കൽപനയാണ്. ക്രിസ്തുവിനെ കർത്താവും ദൈവവുമായി അംഗീകരിക്കുന്നുവെങ്കിൽ ഈ കൽപന പാലിച്ചേ മതിയാകൂ. പ്രസംഗിക്കാനാണ് നമ്മോട് കർത്താവ് ആവശ്യപ്പെട്ടിരിക്കുന്നത്. ഫലം നൽകുന്നത് കർത്താവാണ്. മാനസാന്തരം ഉണ്ടാകുമോ ഇല്ലയോ എന്ന് കർത്താവ് തീരുമാനിക്കട്ടെ.

രണ്ടാമതായി, എന്തുകൊണ്ട് സുവിശേഷം പ്രസംഗിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം നാം നമ്മുടെ ക്രിസ്ത്വനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നുവെന്നതാണ്. രക്ഷയുടെ അനുഭവത്തിലേക്ക് മറ്റു മനുഷ്യരും എത്തണമെന്നും നാം ആഗ്രഹിക്കുന്നു. നമുക്കു ലഭിക്കുന്ന രക്ഷാകരമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് കൂദാശകൾ. കുമ്പസാരകൂടിന്റെ വിസ്മയകരമായ രക്ഷാകരശക്തിയും മറ്റും വിജാതീയർ അറിയേണ്ടതും അനുഭവിക്കേണ്ടതും അല്ലേ?

ഇതിനൊരു മറുവശം ഉള്ളകാര്യം വിസ്മരിക്കാൻ സാധിക്കില്ല. സുവിശേഷവൽക്കരണത്തിനായി, ക്രിസ്തുവിനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാനുള്ള മാർഗ്ഗമായി സഭ തുടങ്ങിയ ചില സ്ഥാപനങ്ങൾ, സ്ഥാപനവൽക്കരണത്തിന്റേതായ പോരായ്മകളും എതിർസാക്ഷ്യങ്ങളും ഏറ്റുവാങ്ങിയപ്പോൾ, ശരിയായ ക്രിസ്തു പ്രഘോഷണവും ക്രൈസ്തവ മൂല്യങ്ങളുടെ ഏറ്റുപറച്ചിലും നടക്കുന്നുണ്ടോ എന്നു സംശയിക്കുന്നതിൽ തെറ്റു കാണാനാകുമോ? ഒരു കഥ പറയട്ടെ: ഒരിക്കൽ സായാഹ്ന സവാരിക്കിടെ ലൂസിഫറും വി. അന്തോണീസും കണ്ടുമുട്ടി. രണ്ടുപേരും കുശലം പറഞ്ഞുകൊണ്ട് നടന്നുനീങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ തുള്ളിച്ചാടിക്കൊണ്ട് ഒരു മനുഷ്യൻ എതിർവശത്തുകൂടി വന്നു. അന്തോണീസ് അയാളുടെ സന്തോഷത്തിന്റെ കാര്യം തിരക്കിയപ്പോൾ അയാൾ പറഞ്ഞു: അയാൾ ഇത്രയുംനാൾ അന്വേഷിച്ചുനടന്ന സത്യം കണ്ടെത്തിയെന്ന്; ഇനി അതിനുവേണ്ടി അയാൾ ജീവിക്കുമെന്ന്. അന്തോണീസിന് സന്തോഷമായി. ലൂസിഫറിനെ നോക്കി അന്തോണീസ് പറഞ്ഞു: ഇനി നിനക്ക് അവനെ തോൽപ്പിക്കാനാവില്ല. നിന്റെ കൂട്ടത്തിലേക്ക് ചേർക്കാനും ആകില്ല. അതുകേട്ട് ലൂസിഫർ പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു: ഇനി അവനെ കീഴടക്കാൻ എളുപ്പമാണ്. അവൻ കണ്ടെത്തിയ സത്യം പ്രചരിപ്പിക്കാൻ ഒരു സ്ഥാപനം തുടങ്ങാൻ ഞാൻ അവനെ പ്രേരിപ്പിക്കും. ധാരാളം പണം അവന്റെ കയ്യിലെത്തും. അവന്റെ പ്രസ്ഥാനം വളരുമ്പോൾ പതുക്കെ അവരിൽ സ്വാർത്ഥതയും അഹങ്കാരവും പണക്കൊതിയും, പേരിനും പെരുമക്കും വേണ്ടിയുള്ള ദാഹവും അൽപം ഭിന്നതയും വിതച്ചുകൊടുക്കും. അവർക്ക് എല്ലാം ഉണ്ടാകും. എന്നാൽ ഏത് സത്യം പ്രചരിപ്പിക്കാൻവേണ്ടി പ്രസ്ഥാനം തുടങ്ങിയോ ആ സത്യം മാത്രം അവിടെ ഇല്ലാതെയിരിക്കാൻ ഞാൻ ശ്രമിക്കും. അങ്ങനെ പൈശാചിക മൂല്യങ്ങളും രീതികളും അനുസരിച്ച് ജീവിക്കാൻ അവരെ പ്രേരിപ്പിക്കും. ലൂസിഫറിന്റെ സംഭാഷണം കേട്ട് വിഷാദത്തോടെ അന്തോണീസ് നടന്നുപോയി എന്നാണ് പറയുന്നത്.

സുവിശേഷവൽക്കരണത്തിനും സുവിശേഷ പ്രസംഗത്തിനുംവേണ്ടി നിയോഗിക്കപ്പെട്ട വ്യക്തികൾ യേശുക്രിസ്തുവിനാൽ അയക്കപ്പെട്ട അപ്പസ്തോലന്മാരെയും അവർവഴി രൂപപ്പെട്ട ആദിമസഭയെയും കണ്ടുപഠിക്കണം. അവർ യേശുനാമത്തിന്റെ ശക്തിയാലാണ് സഭയെ പണിതുയർത്തിയത്. കർത്താവിന്റെ നാമത്തിൽ വചനം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായ നാമം യേശുനാമമാണെന്ന് അവർ തിരിച്ചറിഞ്ഞു. രക്തസാക്ഷിത്വം സഭയെ വളർത്താനുള്ള ഉപാധിയായി മാറി.

### ഭാണ്ഡം ഭാരമാകരുത്

അൽപം ഭാണ്ഡം, അധികം ആശ്വാസം എന്നതാണല്ലോ ഏത് യാത്രയുടെയും അടിസ്ഥാനതത്വം. ആവശ്യമില്ലാത്ത, അനുവദിക്കാത്ത ചുമടുകൾ എടുക്കുന്നത് 'ഭാര'മാണല്ലോ. യേശുവിനെ പ്രഘോഷിക്കാനുള്ള യാത്രയ്ക്ക് വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും ആവശ്യമില്ല. യേശുവിന്റേതായ ഈ മനോഭാവം സ്വന്തമാക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ അനാവശ്യ ഭാണ്ഡക്കെട്ടുകൾക്ക് പ്രസക്തിയില്ല. ശാന്തശീലനും വിനീതഹൃദയനുമായ യേശുവിനെയാണ് ആശ്രയിക്കേണ്ടത്. അധികം ഭാണ്ഡങ്ങൾ കരുതിവച്ച് ലോകത്തിന്റെ സുരക്ഷയിൽ ആശ്രയിക്കുമ്പോൾ അയക്കപ്പെട്ട ശിഷ്യൻ ഭൗമോന്മുഖനാവുകയാണ്. മറിച്ച്, അൽപം വസ്തുക്കളിൽ ആശ്രയം വച്ച് ശിഷ്യൻ സ്വർഗ്ഗോന്മുഖരായി ജീവിക്കണമെന്നും, അതുവഴി സുവിശേഷത്തിന് സാക്ഷികളാകേണ്ട ശിഷ്യർ ഭൗതികമായി അശക്തരാകുമ്പോൾ ആത്മീയമായി ശക്ത രാകുന്നു എന്നും യേശു പഠിപ്പിക്കുന്നു. മാമ്മോദീസായുടെ യോഗ്യതയാൽ ക്രൈസ്തവർ എല്ലാവരും ദൈവരാജ്യപ്രഘോഷണത്തിനായി ഉത്തരവാദപ്പെട്ടവരാണല്ലോ. ഭൂമിയിൽ കാലുറപ്പിച്ച് സ്വർഗ്ഗത്തിലേയ്ക്ക് കണ്ണുംനട്ടുള്ള ജീവിതമാണത്. ഭൂമിയിൽ ജീവിക്കുമ്പോഴും ഭൗമീകരാകാതെ, ലോകത്തിലായിരിക്കുമ്പോഴും ലോകായതികരാകാതെ, വസ്തുക്കൾ ഉപയോഗിക്കുമ്പോഴും ലൗകീകരാകാതെയുള്ള ജീവിതമാണത്. ദൗത്യനിർവ്വഹണവേളകളിൽ ലോകത്തേക്കാളുപരി ദൈവത്തിൽ പ്രത്യാശയും ആശ്രയവും വയ്ക്കാനും അതുവഴി ജീവിതത്തിന്റെ ദിശാസൂചി ദൈവ കേന്ദ്രീകൃതമാക്കി നിലനിറുത്താനും ഇന്നത്തെ വചനവിചിന്തനം ക്രൈസ്തവരെ സഹായിക്കട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com